**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - ബഹു. ഹൈക്കോടതിയിലെ WP(C) No. 2196/2023-ലെ 04.10.2023-ലെ വിധിന്യായം പാലിച്ചുകൊണ്ട് കെ..റ്റി.ഡി.എഫ്.സി. മുൻ മാനേജിംഗ് ഡയറക്ടർ ഡോ.രാജശ്രീ അജിത്ത് നിയമനത്തിനായി കാത്തിരുന്ന കാലയളവായ 06.08.2022 മുതൽ 28.11.2023 വരെ, മാനേജിംഗ് ഡയറക്ടർ തസ്തികയിൽ റഗുലറൈസ് ചെയ്തും, ശമ്പളവും അലവൻസുകളും വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

**സ.ഉ. (കൈ) നം. 8/2025/TRANS** **തീയതി, തിരുവനന്തപുരം: 20/03/2025**

---

പരാമർശം:-1. സ.ഉ. (കൈ) നം. 140/96/പി.ഡബ്ല്യു&ടി. തീയതി 27.12.1996.

2. സ.ഉ. (സാധാ) നം. 209/2008/എച്ച്.ഇ.ഡി തീയതി 06.02.2008.
3. സ.ഉ. (കൈ) നം. 7/2022/ടിഎസ്എം തീയതി 05.08.2022.
4. 13.02.2023-ലെ എ 2/10/2023/ഗതാ നമ്പർ കത്ത്.
5. WP(C) നമ്പർ 2196/2023 ബഹു. ഹൈക്കോടതിയുടെ 04.10.2023 തീയതിയിലെ വിധിന്യായം.
6. സ.ഉ. (സാധാ) നം. 530/2023/ട്രാൻസ് തീയതി 28.11.2023.
7. 06.03.2025-ലെ CoC No. 2649/24-ലെ ബഹു. ഹൈക്കോടതി ഉത്തരവ്.

**ഉത്തരവ്**

ഡോ. രാജശ്രീ അജിത്തിനെ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ (കെ..റ്റി.ഡി.എഫ്.സി.) മാനേജരായി ജോലി ചെയ്യുന്നതിനിടെ, പരാമർശം (1) പ്രകാരം ടി സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചു. തുടർന്ന് പരാമർശം (2) പ്രകാരം, ഡോ. രാജശ്രീ അജിത്തിനെ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിൽ ജോയിന്റ് ഡയറക്ടറായി നിയമിച്ചു. കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്റർ മാനേജിംഗ് ഡയറക്ടറായി തുടരുന്നതിനിടയിൽ, ഡോ. രാജശ്രീ അജിത്തിനെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസത്തിന്റെ (കെ.ഐ.ഐ.ടി.എസ്.) ഡയറക്ടറായി നിയമിക്കപ്പെടുകയും, പരാമർശം (3) പ്രകാരം കെ.ഐ.ഐ.ടി.എസിൽ നിന്ന് ചുമതലകളിൽ നിന്ന് വിടുതൽ ചെയ്യുകയുമുണ്ടായി. തുടർന്ന് ഡോ. രാജശ്രീ അജിത്ത് 06.08.2022-ന് സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും കെ.ടി.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

2. അപേക്ഷ സർക്കാർ പരിശോധിക്കുകയും നിലവിലെ ചട്ടപ്രകാരം ലീൻ മാനേജർ തസ്തികയിൽ നിലനിൽക്കുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകാൻ പരാമർശം (4) പ്രകാരം കെ.ടി.ഡി.എഫ്.സി. സി.എം.ഡി.ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ഡോ. രാജശ്രീ അജിത്ത് കെ.റ്റി.ഡി.എഫ്.സി.യിൽ ജോയിൻ ചെയ്യാതെ, മാനേജിംഗ് ഡയറക്ടറായി നിയമിക്കണമെന്നും 06.08.2022 മുതൽ ശമ്പളവും അലവൻസുകളും വിതരണം ചെയ്യാനും അഭ്യർത്ഥിച്ച് ബഹു. ഹൈക്കോടതിയിൽ WP(C) നമ്പർ 2196/2023 ഫയൽ ചെയ്യുകയുണ്ടായി.

3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS)-ലേക്കുള്ള ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചതിനു ശേഷവും അതിനു ശേഷവും ഹർജിക്കാരിയെ കെ.റ്റി.ഡി.എഫ്.സി.യിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലോ മറ്റേതെങ്കിലും തത്തുല്യ തസ്തികയിലോ നിയമിക്കാൻ പരാമർശം (5) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഹർജിക്കാരി ജോയിൻ ചെയ്ത തീയതി മുതൽ ശമ്പളവും ആനുകൂല്യങ്ങളും വിതരണം ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു.

4. കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (6) പ്രകാരം, ഡോ. രാജശ്രീ അജിത്തിനെ കെ.ടി.ഡി.എഫ്.സി.യുടെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും നിയമനത്തിനായി കാത്തിരുന്ന 06.08.2022 മുതലുള്ള കാലയളവിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു.

5. ഹൈക്കോടതി വിധിന്യായത്തിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശം, അപേക്ഷകയെ KITTS-ൽ നിന്നുള്ള ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചതിൽ നിന്ന് KTDFC-യിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്കോ മറ്റേതെങ്കിലും തത്തുല്യ തസ്തികയിലേക്കോ നിയമിക്കണമെന്നും ജോയിൻ ചെയ്ത തീയതി മുതൽ തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുക എന്നതായിരുന്നു. പരാമർശം (6) പ്രകാരം, ഹർജിക്കാരിയെ KTDFC-യിൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനാൽ ബഹു. കോടതിയുടെ നിർദ്ദേശം ഭാഗികമായി പാലിച്ചിരുന്നു. 06.08.2022-ന് ഹർജിക്കാരി ഡ്യൂട്ടിയിൽ റിപ്പോർട്ട് ചെയ്തതിനാൽ, 06.08.2022 മുതൽ 28.11.2023 വരെയുള്ള നിയമനത്തിനായി കാത്തിരുന്ന കാലയളവിലെ ശമ്പളം നൽകുന്നതിന് പ്രസ്തുത കാലയളവ് ക്രമപ്പെടുത്തേണ്ടതുണ്ട്.

6. വിധിന്യായത്തിലെ രണ്ടാമത്തെ നിർദ്ദേശം പാലിച്ചില്ലെന്നു കാണിച്ച് ഹർജിക്കാരി CoC No. 2649/24 കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയും, കോടതി വിധി പാലിച്ചില്ലെങ്കിൽ ചീഫ് സെക്രട്ടറിയും ഗതാഗത വകുപ്പ് സെക്രട്ടറിയും 14.03.2025-ൽ നേരിൽ ഹാജരാകണമെന്ന് പരാമർശം (7) പ്രകാരം, ബഹു. ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോടതിയലക്ഷ്യക്കേസ് നിലനിൽക്കുന്നതിനാൽ ബഹു. ഹൈക്കോടതിയിലെ WP(C) No. 2196/2023-ലെ 04.10.2023-ലെ വിധിന്യായം പാലിച്ചുകൊണ്ട്, കെ.റ്റി.ഡി.എഫ്.സി. മുൻ മാനേജിംഗ് ഡയറക്ടർ ഡോ. രാജശ്രീ അജിത്ത് നിയമനത്തിനായി കാത്തിരുന്ന കാലയളവായ

06.08.2022 മുതൽ 28.11.2023 വരെ, നിലവിലെ ചട്ടങ്ങളിൽ ഇളവുവരുത്തി കെ.റ്റി.ഡി.എഫ്.സി.യിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ റഗലറൈസ് ചെയ്യും, 51300-73000 ശമ്പള സ്കെയിലിൽ (ഗ്രൂപ്പ് സി പി.എസ്.യു.) ശമ്പളവും അലവൻസുകളും വിതരണം ചെയ്യാൻ കെ.റ്റി.ഡി.എഫ്.സി. സി.എം.ഡി.ക്ക് നിർദ്ദേശം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

8. ഇപ്രകാരം കോടതിവിധി പൂർണ്ണമായും പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.ബി. നൂഹ് ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് മുഖേന)
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ഡോ. രാജശ്രീ അജിത്ത്, മുൻ എം.ഡി., കെ.റ്റി.ഡി.എഫ്.സി. (കെ.റ്റി.ഡി.എഫ്.സി. സി.എം.ഡി. മുഖേന)
പൊതുഭരണ (എസ്.സി.) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2679643/PU A2/8/2024/Fin dated 02.12.2024 & 11.03.2025)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 2334470)

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ.**

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. എ2/10/2023/ഗതാ. ഇനം നം: 2793

വിഷയം : ഗതാഗത വകുപ്പ് - WP(C).2196/2023 നമ്പർ റിട്ട് ഹർജിയിലെ ബഹു.ഹൈക്കോടതിയുടെ 04.10.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ട് കെ.ടി.ഡി.എഫ്.സി.-യുടെ മുൻ എം.ഡി. ഡോ. രാജശ്രീ അജിത്തിന്റെ നിയമനത്തിനായുള്ള കാത്തിരിപ്പ് കാലയളവ്, നിലവിലെ നിയമങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് ക്രമപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്**

2793

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എ 2/10/2023/ഗതാ |
| 2. | വകുപ്പ് | ഗതാഗത (എ) വകുപ്പ് |
| 3. | വിഷയം | WP(C) 2196/2023 നമ്പർ റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ 04/10/2023 ലെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ട്, കെ.ടി.ഡി.എഫ്.സി.യുടെ മുൻ എം.ഡി. ഡോ. രാജശ്രീ അജിത്തിന്റെ നിയമനത്തിനായുള്ള കാത്തിരിപ്പ് കാലയളവ്, നിലവിലെ നിയമങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13/03/2025 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. വിജയശ്രീ കെ.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ. പി.ബി.നൂഹ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15 .03.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.ബി. ഗണേഷ് കുമാർ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.03.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17.03.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ (കെടിഡിഎഫ്സി) മാനേജരായി ജോലി ചെയ്യുന്നതിനിടെ, 27/12/1996 ലെ ജി.ഒ (എം.എസ്) നമ്പർ 140/96/പിഡബ്ല്യു & ടി പ്രകാരം (അനുബന്ധം-1) ഡോ.രാജശ്രീ അജിത്തിനെ ആ സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ചു. 06/02/2008 ലെ ജി.ഒ (ആർ.ടി) നമ്പർ 209/2008/എച്ച്.ഇ.ഡി പ്രകാരം (അനുബന്ധം-2), ഡോ. രാജശ്രീ അജിത്തിനെ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിൽ ജോയിന്റ് ഡയറക്ടറായി നിയമിച്ചു. അവിടെ മാനേജിംഗ് ഡയറക്ടറായി തുടരുന്നതിനിടയിൽ, ഡോ. രാജശ്രീ അജിത്തിനെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസത്തിന്റെ ഡയറക്ടറായി നിയമിക്കപ്പെടുകയും, 05.08.2022 ലെ ജി.ഒ (എം.എസ്) നമ്പർ 7/2022/ടിഎസ്എം പ്രകാരം (അനുബന്ധം-3) കെഐഐടിഎസിൽ നിന്ന് ചുമതലകളിൽ നിന്ന് വിടുതൽ ചെയ്യുകയുമുണ്ടായി. തുടർന്ന് 06.08.2022 ന് സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും കെ.ടി.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുന്നതിന് അപേക്ഷിക്കുകയും ചെയ്തു.

2. മാനേജിംഗ് ഡയറക്ടറായി നിയമിക്കാനുള്ള അപേക്ഷയിൽ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെട്ടു:

The general conditions of appointment of MD/CEOs of PSUs, including lien, are specified in GO (Ms) No.19/09/Plg. Dated 20/05/2009. As per the said GO "no person shall hold a lien as MD/CEO of a company". Clause Number (3) of the general conditions of appointment of MD/CEOs of PSUs is reproduced below:

"The appointment as MD/CEO of a company/PSU shall be at the pleasure of the Government. The Government shall have the right to remove him from the post at any time (although the order of appointment will indicate a fixed term for such appointment). If a person who holds lien as employee in a company (eg. GM, Dy.GM, Registrar etc.) is appointed as CEO of a company (including the same company where he holds such lien) and is later removed from the post of CEO, he shall go back to the post where he holds such lien (unless he has crossed the age of superannuation in the parent company). No person shall hold a lien as MD/CEO of a company. If the CEO/MD of the company does not hold lien in any company, then on termination of his appointment as MD/CEO, he shall not have any right to continue in any post in any of the PSUs/Companies".

" Moreover, as per Article 37 of the Articles of Association of KTDFC, which deals with the term of office of Managing Director, it is stipulated

that the Managing Director shall hold office during the pleasure of the Governor.

3. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ, 13.02.2023 ലെ സർക്കാർ കത്ത് നമ്പർ A2/10/2023-ട്രാൻസ് പ്രകാരം, ലീൻ നിലനിൽക്കുന്ന മാനേജർ തസ്തികയിൽ നിയമനം നൽകാൻ കെ.ടി.ഡി.എഫ്.സി. യ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ KTDFC-യിൽ ജോയിൻ ചെയ്യാതെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണമെന്നും 06.08.2022 മുതൽ ശമ്പളവും അലവൻസുകളും വിതരണം ചെയ്യാനും അഭ്യർത്ഥിച്ച് ബഹു. ഹൈക്കോടതിയിൽ WP(C) നമ്പർ 2196/2023 ഫയൽ ചെയ്യുകയുണ്ടായി.

4. പ്രസ്തുത കേസിലെ 04.10.2023 ലെ വിധിന്യായത്തിൽ (അനുബന്ധം-4), KITTS ലേക്കുള്ള ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചതിനു ശേഷവും അതിനു ശേഷവും ഹർജിക്കാരിയെ KTDFC യിലെ എം.ഡി. തസ്തികയിലോ മറ്റേതെങ്കിലും തത്തുല്യ തസ്തികയിലോ നിയമിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഹർജിക്കാരി ജോയിൻ ചെയ്ത തീയതി മുതൽ ശമ്പളവും ആനുകൂല്യങ്ങളും വിതരണം ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു.

5. കോടതിവിധിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 28.11.2023 ലെ ജി.ഒ(ആർ.ടി) നമ്പർ 530/2023/ട്രാൻസ് പ്രകാരം (അനുബന്ധം-5), അവരെ കെ.ടി.ഡി.എഫ്.സി.യുടെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും നിയമനത്തിനായി കാത്തിരുന്ന 06.08.2022 മുതലുള്ള

കാലയളവിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി നിയമവകുപ്പിന് ഫയൽ അയച്ചപ്പോൾ ചുവടെ ചേർക്കും വിധം അഭിപ്രായപ്പെട്ടു.

"The file is forwarded to this department seeking opinion on the question of regularizing the period of waiting for posting of Dr.Rajashree Ajith from 06.08.2022 to 28.11.2023 as MD, KTDFC as suggested by Planning Dept.On perusal of the orders of the Hon'ble Court and facts narrated in the file of the AD it is learnt that the direction in the final order in the WP(C) No.2196/2023 was to repatriate the petitioner to the post of Managing Director or any other equivalent post in the KTDFC on and from the date of termination of her deputation to the KITTS and to disburse the equivalent pay and benefits to the petitioner from the date of joining as ordered above. It is seen that in compliance of the judgment dated 4/10/23 in WP(C) 2196/2023 the petitioner was appointed as MD, KTDFC through GO(Rt) No. 530/2023/TRANS dated 28/11/2023. It was provided in the order that the terms relating to service and pay from 06/08/2022 shall be decided later. The petitioner joined for duty on 29/11/2023. It is learnt from AD's file that the direction in the WP(C) repatriate the

petitioner to the post of Managing Director or any other equivalent post in the KTDFC on and from the termination of her deputation to the KITTS was not challenged in appeal but was complied by issuing GO(Rt) No. 530/2023/TRANS dated 28/11/2023. Only the salary & allowances for the period from 06/08/2022 to 28/11/2023 were not allowed. AD may be informed that since there is a partial compliance of the Judgment regarding the appointment of the petitioner to the Post of MD in KTDFC, AD may be take appropriate decision regarding the question of regularizing the period of waiting for posting of Dr.Rajashree Ajith from 06.08.2022 to 28.11.2023 in consultation with the Finance department as per relevant provision in KSR Part I and thereafter submit an affidavit before the Hon'ble Court in the Contempt Case explaining the steps taken for compliance and the orders issued for complying the Judgment".

6. നിയമ വകുപ്പ് നിർദ്ദേശിച്ചതുപോലെ, ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു:

"The appointment of Dr Rajashree Ajith to the post of MD is not by promotion since the appointment to the post of MD is a termly appointment and no person holds a lien on the post of MD. The period of waiting for posting of Dr. Rajashree Ajith from deputation in KITTS can be regularised as duty in the post of Manager KTDFC if there

was vacancy and as eligible leave if there was no vacancy in the cadre. Regularising the period of waiting for posting in the post of MD where no person holds a lien as per rules applicable to such appointment will set a bad precedent. Also the regularisation of waiting for posting period of Dr.Rajashree Ajith in the post of Manager need not be considered as reversion,since her appointment as MD, KTDFC while holding the post of Manager was not promotion''.

7. ഹൈക്കോടതി വിധിന്യായത്തിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശം, അപേക്ഷകയെ KITTS-ൽ നിന്നുള്ള ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചതിൽ നിന്ന് KTDFC-യിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്കോ മറ്റേതെങ്കിലും തത്തുല്യ തസ്തികയിലേക്കോ നിയമിക്കണമെന്നും ജോയിൻ ചെയ്ത തീയതി മുതൽ തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുക എന്നതായിരുന്നു. 8.11.2023-ലെ GO(RT)No.530/2023/ടൂറിസ് പ്രകാരം, ഹർജിക്കാരിയെ KTDFC-യിൽ മാനേജിംഗ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനാൽ ബഹു. കോടതിയുടെ നിർദ്ദേശം ഭാഗികമായി പാലിച്ചിരുന്നു. 06.08.2022-ന് ഹർജിക്കാരി ഡ്യൂട്ടിയിൽ റിപ്പോർട്ട് ചെയ്തതിനാൽ, 06.08.2022 മുതൽ 28.11.2023 വരെയുള്ള നിയമനത്തിനായി കാത്തിരുന്ന കാലയളവിലെ ശമ്പളം നൽകുന്നതിന് പ്രസ്തുത കാലയളവ് ക്രമപ്പെടുത്തേണ്ടതാണ്.

8. ബഹു. ഹൈക്കോടതിയുടെ രണ്ടാമത്തെ നിർദ്ദേശം ഹർജിക്കാരിക്ക് ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുല്യമായ ശമ്പളവും

ആനുകൂല്യങ്ങളും വിതരണം ചെയ്യണമെന്നായതിനാൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം പുനഃപരിശോധിക്കുന്നതിനായി ഫയൽ വീണ്ടും പ്രസ്തുത വകുപ്പിലേക്ക് അയച്ചപ്പോൾ ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു:

'Finance' sticks to its earlier stand dtd. 02.12.2024, as there is no ground for review the same.

Since compliance of the judgment in this case will be against the rule position prevailing in the matter, Administrative Department is requested to file an appeal against the judgment after consulting Law Department''.

9. വിധിന്യായത്തിലെ രണ്ടാമത്തെ നിർദ്ദേശം പാലിക്കാത്തതിനാൽ ഹർജിക്കാരൻ CoC നം. 2649/24 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി ചീഫ് സെക്രട്ടറിയും ഗതാഗത വകുപ്പ് സെക്രട്ടറിയും 14.03.2025-ൽ നേരിൽ ഹാജരാകുന്നതിന് ഉത്തരവാകുകയും ചെയ്തു. വിഷയത്തിന്റെ അടിയന്തരാവശ്യം കണക്കിലെടുത്ത് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ഫോൺ മുഖാന്തിരം ആരാഞ്ഞു, അപ്പീലിന് സാധ്യതയില്ലെന്നും ഈ സമയത്ത് ഒരു അപ്പീൽ ബോധ്യപ്പെടുത്തത്തക്കവിധം പ്രതിരോധിക്കാൻ കഴിയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

10. തുടർന്ന് ഫയൽ സർക്കുലേറ്റ് ചെയ്തപ്പോൾ അടുത്ത മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനും ഇത് ബഹു. കോടതിയെ അറിയിക്കാനും ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

11. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം, ഹർജിക്കാരി നിയമനത്തിനായി കാത്തിരുന്ന കാലയളവ് റഗുലറൈസ് ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് ആവശ്യമായതിനാൽ ഈ വിഷയം മന്ത്രിസഭയുടെ അടുത്ത യോഗത്തിന്റെ പരിഗണനയ്ക്കായി വയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും ഇക്കാര്യം 14.03.2025-ലെ ഹിയറിംഗ് വേളയിൽ ബഹു.കോടതി യെ അറിയിക്കാനും അഭ്യർത്ഥിച്ചുകൊണ്ട് 13.03.2025-ലെ A2/10/2023/TRANS നമ്പർ കത്ത് അയയ്ക്കുകയുണ്ടായി. 14.03.2025-ൽ കേസ് പരിഗണിക്കുകയും വാദമുഖങ്ങൾ കേട്ടശേഷം 25.03.2025 ലേയ്ക്ക് മാറ്റുകയും ചെയ്തു. ബഹു. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

## തീരുമാനിക്കേണ്ട സംഗതി

ബഹു. ഹൈക്കോടതിയിലെ WP(C)No.2196/2023 ലെ 04.102023 ലെ വിധിന്യായം പാലിച്ചുകൊണ്ട് കെ.ടി.ഡി.എഫ്.സി. മുൻ മാനേജിംഗ് ഡയറക്ടർ ഡോ. രാജശ്രീ അജിത്ത് നിയമനത്തിനായി കാത്തിരുന്ന കാലയളവായ 06.08.2022 മുതൽ 28.11.2023 വരെ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് നിലവിലെ ചട്ടങ്ങളിൽ ഇളവു വരുത്തി, മാനേജിംഗ് ഡയറക്ടർ തസ്തികയിൽ റഗുലറൈസ് ചെയ്ത്, 51300-73000 ശമ്പള സ്കെയിലിൽ (ഗ്രൂപ്പ് സി പി.എസ്.യു) ശമ്പളവും അലവൻസുകളും വിതരണം ചെയ്യാൻ കെ.ടി.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകാമോ ?

(Annexure-1)

(16)

GOVERNMENT OF KERALA

Abstract

Kerala Transport Development Finance Corporation Ltd. - Appointment of Smt. Rajasree Ajith, as Managing Director - Orders issued.

PUBLIC WORKS & TRANSPORT (L) DEPARTMENT

G.O(Ms)No.140/96/PW&T. Dated, Thiruvananthapuram, 27.12.1996.

ORDER

Government are pleased to appoint Smt. Rajasree Ajith, Manager, Kerala Transport Development Finance Corporation Ltd. as Managing Director, Kerala Transport Development Finance Corporation.

2. The terms and conditions of the appointment will be issued separately.

By order of the Governor,

N.V. MADHAVAN,
Principal Secretary to Government.

To

Smt. Rajasree Ajith, Manager, Kerala Transport Development Finance Corporation Ltd., Transport Bhavan, Thiruvananthapuram.
The Managing Director, Kerala Transport Development Finance Corporation Ltd., Thiruvananthapuram.
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General (A&E) Kerala, Thiruvananthapuram.
The General Admn. (SC) Department (vide Item No.O/A-4 dated 18.12.96 of the Proceedings of the Council of Ministers).
The Finance (PU.A) Department.
The Planning & Economic Affairs (BPE) Department.
The Principal Secretary to Chief Minister.
The P.S to Minister (Transport).
The J.S to Chief Secretary.
The Director of Public Relations, Thiruvananthapuram.
The C.A to Principal Secretary (Transport).
The C.A to Joint Secretary (Transport).
S.F/O.C.

Forwarded/By order

[signature]

Section Officer.

KERALA TRANSPORT DEVELOPMENT FINANCE CORPORATION LIMITED
LEVEL 8, 6TH FLOOR
TRANS TOWERS
VAZHUTHACAUD
THIRUVANANTHAPURAM
PIN-695 014

1484
12/2/08

കേരള സർക്കാർ
സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കേരള ട്രാൻസ്‌പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ.രാജശ്രീ അജിത്തിനെ (ഇപ്പോൾ അവധിയിൽ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരളാ സ്റ്റേറ്റ് ഓഡിയോ വിഷൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ജോയിന്റ് മാനേജിംഗ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(സാധാ)നം. 209/08/ഉ.വി.വ. തീയതി, തിരുവനന്തപുരം, 06/02/2008

പരാമർശം: 05-02-2008-ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാനം.

ഉത്തരവ്

കേരള ട്രാൻസ്‌പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി) മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ.രാജശ്രീ അജിത്തിനെ (ഇപ്പോൾ അവധിയിൽ) അവരുടെ ഇപ്പോഴത്തെ ശമ്പളം സംരക്ഷിച്ചുകൊണ്ട് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരളാ സ്റ്റേറ്റ് ഓഡിയോ വിഷൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ജോയിന്റ് മാനേജിംഗ് ഡയറക്ടറായി നിയമിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം.ഏബ്രഹാം
പ്രിൻസിപ്പൽ സെക്രട്ടറി

ഡോ.രാജശ്രീ അജിത്ത്, മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്‌പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി), തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിയോ വിഷൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

~~ഗതാഗത (എ) വകുപ്പ് (ഫയൽ നം.12923/എ1/07/ഗതാഗതം)~~

പൊതുഭരണ (എസ്.സി) വകുപ്പ്

വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ട്രാൻസ്‌പോർട്ട് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

KERALA TRANSPORT DEVELOPMENT FINANCE CORPORATION LIMITED, LEVEL 8, 5th FLOOR, TRANS TOWERS, VAZHUTHACAUD, THIRUVANANTHAPURAM, PIN-695 014

ഉത്തരവിൻ പ്രകാരം

(അനുബന്ധം-3)

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ഡയറക്ടർ സ്ഥാനത്ത് അന്യത്രസേവന വ്യവസ്ഥയിൽ നിയമിതയായ ഡോ. രാജശ്രീ അജിത്തിന്റെ 09.03.2021 മുതലുള്ള സേവനകാലയളവ് അന്യത്ര സേവനമായി ക്രമീകരിച്ചും ടിയാരിയെ കിറ്റ്സ് ഡയറക്ടർ സ്ഥാനത്തുനിന്നും വിടുതൽ ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (ബി) വകുപ്പ്

സ.ഉ.(കൈ) നം.7/2022/ടൂറിസം

തീയതി, തിരുവനന്തപുരം, 05.08.2022

പരാമർശം:-
1. സ.ഉ.(കൈ) നം. 8/2021/ടൂറിസം തീയതി 30.04.2021
2. കിറ്റ്സ് ഡയറക്ടറുടെ 08.03.2021, 08.03.2022 എന്നീ തീയതികളിലെ 384/Dir/KITTS/2012 നമ്പർ കത്തുകൾ

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-ന്റെ ഡയറക്ടർ സ്ഥാനത്ത് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതയായ ഡോ. രാജശ്രീ അജിത്തിന്റെ സേവന കാലാവധി 09.03.2020 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചുനൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഡോ. രാജശ്രീ അജിത്തിന്റെ സേവനകാലാവധി 09.03.2021 മുതൽ 08.03.2022 വരെയും 09.03.2022 മുതൽ 08.03.2023 വരെയും ദീർഘിപ്പിച്ചുനൽകണമെന്ന് പരാമർശം (2) പ്രകാരം കിറ്റ്സ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കിറ്റ്സ് ഡയറക്ടർ സ്ഥാനത്ത് തുടരുന്ന ഡോ. രാജശ്രീ അജിത്തിന്റെ, 09.03.2021 മുതൽ ഈ ഉത്തരവ് തീയതിവരെയുള്ള സേവന കാലയളവ് കേരള സർവ്വീസ് ചട്ടം 140(സി)-യിൽ ഇളവ് വരുത്തി അന്യത്ര സേവനമായി ക്രമീകരിച്ച് ഉത്തരവാകുന്നു.

3. കൂടാതെ നിലവിൽ കിറ്റ്സ് ഡയറക്ടർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ഡോ. രാജശ്രീ അജിത്തിനെ ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ കിറ്റ്സ് ഡയറക്ടർ സ്ഥാനത്തുനിന്ന് വിടുതൽ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്.ശ്രീനിവാസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡോ. രാജശ്രീ അജിത്ത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), റസിഡൻസി കോമ്പൗണ്ട്, തൈക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I & II) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം. 973 തീയതി 03.08.2022)
ഗതാഗത വകുപ്പ് (04.04.2022-ലെ TRANS-A1/125/2021-TRANS)
ധനകാര്യ വകുപ്പ് (03.06.2022-ലെ പി.യു.സി.-3/54/2018-ധന.)
വിജിലൻസ് വകുപ്പ് (16.09.2021-ലെ ഇ 5/74/2021/വിജി.)

LEVEL 8, 6TH FLOOR TRANS TOWERS THYCAUD THIRUVANANTHAPURAM PIN-695 014 ... KERALA TRANSPORT ... FINANCE CORPORATION LIMITED

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT

THE HONOURABLE MR. JUSTICE RAJA VIJAYARAGHAVAN V

WEDNESDAY, THE 4TH DAY OF OCTOBER 2023 / 12TH ASWINA, 1945

WP(C) NO. 2196 OF 2023

**PETITIONER/S:**

DR. RAJASHREE AJITH,
AGED 54 YEARS
WIFE OF MR. P. S. AJITHKUMAR,
RESIDING AT SHRENI HILLS, PANICKERS LANE,
THIRUVANANTHAPURAM -695010, FORMER MANAGING DIRECTOR,
KERALA TRANSPORT DEVELOPMENT FINANCE CORPORATION
LIMITED, THIRUVANANTHAPURAM.



BY ADVS.
P.K.VIJAYAMOHANAN
AISWARYA V.S.
JOSEPH KODIYANTHARA (SR.)

**RESPONDENT/S:**

1 STATE OF KERALA ,
REPRESENTED BY THE CHIEF SECRETARY,
GOVERNMENT OF KERALA, SECRETARIAT,
THIRUVANANTHAPURAM, PIN - 695001

2 PRINCIPAL SECRETARY TO GOVERNMENT,
TRANSPORT DEPARTMENT, GOVERNMENT OF KERALA,
SECRETARIAT, THIRUVANANTHAPURAM, PIN - 695001

3 KERALA TRANSPORT DEVELOPMENT FINANCE CORPORATION
LIMITED, REPRESENTED BY ITS CHAIRMAN AND MANAGING
DIRECTOR, TRANS TOWERS, VAZHUTHAKKAD,
THIRUVANANTHAPURAM, PIN - 695014

4 THE BOARD OF DIRECTORS OF THE KERALA TRANSPORT
DEVELOPMENT FINANCE CORPORATION LIMITED ,
REPRESENTED BY ITS CHAIRMAN, TRANS TOWERS,
VAZHUTHAKKAD, THIRUVANANTHAPURAM, PIN - 695014





5 THE CHAIRMAN AND MANAGING DIRECTOR,
KERALA TRANSPORT DEVELOPMENT FINANCE CORPORATION
LIMITED TRANS TOWERS, VAZHUTHAKKAD,
THIRUVANANTHAPURAM, PIN - 695014

SRI. JIMMY GEORGE, GP,
SRI. T P SAJAN, SC FOR KTDFC,

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 04.10.2023, THE COURT ON THE SAME DAY DELIVERED THE FOLLOWING:

**JUDGMENT**

The petitioner has approached this Court seeking a declaration that she is legally entitled to get repatriated to the post of Managing Director, Kerala Transport Development Finance Corporation Limited (KTDFC) on and from 6.8.2022 on termination of her deputation to the Kerala Institute of Tourism and Travel Studies ( KITTS) and for incidental reliefs.

2. The short facts of the case are as under:

a. The KTDFC is a non banking financial company registered under the Companies Act, 1956. On 27.12.1996, by Ext.P9 order, the petitioner was appointed as Managing Director of the KTDFC. The petitioner asserts that while appointing her as aforesaid, no tenure of period of appointment was fixed.

b. While she was working as aforesaid, she was sent on deputation to the Kerala State Audio Visual and Reprographic Centre by Ext.P11 order. Her pay in the post of Managing Director was, however, protected. She was appointed as Managing Director of the Kerala State Audio Visual and Reprographic Centre by Ext.P12 order dated 17.9.2008. She worked there as

Managing Director for a period of four years.

c. Thereafter, recognizing her experience and her position, she was again sent on deputation as Director of the Kerala Institute of Tourism and Travel Studies (KITTS), which functions under the Department of Tourism, by Ext.P13 order dated 9.3.2012. However, while sending her on deputation, it was made clear by Ext.P14 order that the petitioner shall be given the salary and allowances which she was drawing in the post of Managing Director in the KTDFC.

d. The petitioner states that the deputation of the petitioner as Director in the KITTS was terminated, and she was relieved as per Ext.P1, Government Order dated 5.8.2022.

e. The petitioner states that as she was sent by deputation from her parent company, that is, KTDFC, she has a legal entitlement to get repatriated to the parent company on termination of her deputation. She also asserts that her monthly salary and allowances in the post of Managing Director have been denied to her.

f. While so, the 2nd respondent has issued Ext.P16 order dated 13.2.2023 in pursuance to which the 5th respondent has issued proceedings dated 20.2.2023 permitting the petitioner to rejoin duty as Manager in the scale of pay of Rs.24040-38840, sanctioning the leave subject to availability

and on submission of the proper application. It was also stated therein that regularisation of the service can be taken up with the Government.

g. The petitioner asserts that Ext.P17 order by which the petitioner was directed to join as Manager is punitive as there is reversion in the cadre as well as a reduction in the scale of pay and other emoluments. It is on these assertions that this writ petition is filed seeking the following reliefs:

> (i) To declare that the petitioner is legally entitled to get repatriated to her original post of Managing Director, Kerala Transport Development Finance Corporation Limited (KTDFC) on and from 06.08.2022 on termination of her deputation to Kerala Institute of Tourism and Travel Studies (KITTS);
>
> (ii) To issue a Writ of Mandamus or other appropriate writ, direction or order commanding respondents 2 to 5 to repatriate the petitioner to her original post of Managing Director, Kerala Transport Development Finance Corporation Limited (KTDFC) immediately;
>
> (iii) To issue Writ of Mandamus or other appropriate writ, direction or order directing the respondents 3 to 5 to disburse pay and allowances legitimately due to the petitioner from 06.08.2022 with penal interest expeditiously, and at any rate, within a period of 2 weeks;
>
> (iv) To dispense the filing of the English translation of the Malayalam documents produced in this Writ Petition;
>
> (v) To issue appropriate writ, direction or order which deems fit, just and proper in the circumstances of the case;
>
> (vi) To award exemplary costs to the petitioner ;

(vii) To issue a writ of certirorari quashing Exhibits P16 and P17 as they are punitive, illegal and arbitrary, offending the constitutional guarantees under Articles 14 and 21 of the Constitution of India.

3. A counter affidavit has been filed by the 2nd respondent. After reiterating the sequence of events, it is stated that after extending the deputation of the petitioner, she was terminated as per order dated 5.8.2022. It is stated that the post of Managing Director, which is now designated as Chairman and Managing Director, is not vacant. Appointment to the post of the Managing Director is a policy decision of the Government. It is further stated that while her request for rejoining the parent department was under process, the petitioner had submitted a representation on 05.10.2022 requesting that her request for posting in the Transport Department be not taken forward and also sought for grant of No Objection Certificate for deputation as Managing Director in the KAMCO under the Agricultural Department. It is stated that the 5th respondent has conveyed its no objection to the deputation. It is stated that as per the general conditions, no person shall hold a lien as MD/CEO of a public sector undertaking, which shall be at the pleasure of the Government. It is further stated that under Article 37 of the Articles of Association of the KTDFC, which deals with the term of office of the Managing Director, it has

been stipulated that the Managing Director shall hold office at the pleasure of the Governor. It was in the said circumstances that by Ext.P16 letter dated 13.2.2023, direction was issued to the CMD, KTDFC, to post the petitioner as a Manager in the parent company wherein her lien lies. It is stated that vigilance cases have been registered against the petitioner on various allegations of corruption while she was working as the Managing Director of KTDFC, which are pending. As and when the petitioner joins the KTDFC in terms of the Ext.P16 order, her posting will be regularized.

4. In the counter affidavit filed by respondents 3 and 5, they have reiterated the contention raised by the 2nd respondent in its counter. It is stated that appointment as MD/CEO of a company is at the pleasure of the Government, if the said person is removed from the post of CEO/MD, he will have to go back to the post where he holds such lien unless he has crossed the age of superannuation in the parent company. It is stated that the prayer of the petitioner that she shall be repatriated as Managing Director of the KTDFC cannot be accepted as the Government has already appointed a Managing Director for the KTDFC.

5. Sri. Joseph Kodiyanthara, the learned Senior counsel, as instructed by Sri. Vijayamohanan, the learned counsel, submitted that there is absolutely no justification on the part of the respondents in denying the repatriation of

the petitioner to her original post as Managing Director. He would point out that the petitioner was sent on deputation in the public interest and to meet the exigencies of public service. If that is the case, the lending authority is legally obligated to take back the employee as and when the period of deputation comes to an end. It is submitted that, to make matters worse, the petitioner is not even being paid the monthly salary and allowances that are legitimately due to her. The learned Senior counsel has placed reliance on the judgments rendered by the Supreme Court in **State of Punjab and Others vs. Inder Singh and Others** [1997 (8) SCC 372] and also that in **Saritha Singh vs. Shree Infosoft Private Limited** [Civil Appeal No.346 of 2022 (arising out of SLP(C) No.32174 of 2018)] to substantiate his contentions that the deputed employee will have to come back to his parent department to occupy the same position, unless, in the meanwhile he was earned promotion in his parent department as per the Recruitment Rules.

6. Sri. Jimmy George, the learned Government Pleader, has controverted the submissions. He would reiterate the contentions in the counter, and it is submitted that the lien of the petitioner lies to the post of Manager. It is submitted that the petitioner cannot insist that she be posted as Managing Director of the company as the appointment of the Managing Director falls under the policy of the Government.

7. Sri. TP Sajan, the learned Standing Counsel appearing for the KTDFC, supported the submissions of the learned Government Pleader.

8. I have considered the submissions.

9. There is no dispute with regard to the fact that it was while working as Manager in the KTDFC that the petitioner was appointed as Managing Director by order dated 27.12.1996. No tenure or period of appointment to the post of Managing Director was fixed, and the appointment was made substantively. It was while working as Managing Director that by order dated 17.9.2008, she was appointed as Managing Director of the KSAVRC on deputation. Later, she was sent on deputation to the KITTS by order dated 9.3.2012. It is pertinent to note that the petitioner was granted salary and allowances, which she was drawing in the post of Managing Director under the KTDFC. Finally, by Ext.P1 Government Order, the deputation of the petitioner as Director in the KITTS was terminated. However, no orders were passed permitting the petitioner to rejoin the KTDFC, her parent company. The request made by the petitioner was rejected on the premise that the petitioner would have no lien or right over the post of MD, KTDFC. The other reason is that the appointment as MD/CEO of a company shall be at the pleasure of the Government. By order dated 20.2.2023, which was issued pursuant to directions issued by this Court, the petitioner has been

posted as Manager in the KTDFC. Her contention is that the said order is illegal and punitive as she has been reverted to a lower post, and there is a reduction in salary and emoluments.

10. The concept of the deputation was lucidly explained by the Hon'ble Supreme Court in **State of Punjab v. Inder Singh,** (1997) 8 SCC 372, wherein, in paragraph No 18 it was held as under:

> **18.** The concept of "deputation" is well understood in service law and has a recognised meaning. "Deputation" has a different connotation in service law and the dictionary meaning of the word "deputation" is of no help. In simple words "deputation" means service outside the cadre or outside the parent department. Deputation is deputing or transferring an employee to a post outside his cadre, that is to say, to another department on a temporary basis. After the expiry period of deputation the employee has to come back to his parent department to occupy the same position unless in the meanwhile he has earned promotion in his parent department as per the Recruitment Rules. Whether the transfer is outside the normal field of deployment or not is decided by the authority who controls the service or post from which the employee is transferred. There can be no deputation without the consent of the person so deputed and he would, therefore, know his rights and privileges in the deputation post. The law on deputation and repatriation is quite settled as we have also seen in various judgments which we have referred to above. There is no escape for the respondents now to go back to their parent

departments and working there as Constables or Head Constables as the case may be.

11. It was held that the term "deputation" in service law refers to temporarily transferring an employee outside their cadre or parent department. Upon the deputation's expiration, the employee must return to their parent department unless they have earned a promotion as per Recruitment Rules. Deputation requires the employee's consent, and their rights and privileges in the deputation post are known to them. It was further held in **Inder Singh** (Supra) that it would be really harsh on the employee to work in a top post for years together and, when the deputation is over, to be sent back to the parent company and made to work in a lower post.

12. In **Union of India v. S N Maity** ( (2015) 4 SCC 164), the Hon'ble Supreme Court interpreted the terms of deputation strictly and disavowed acts of caprice on the part of the employer. It was held as follows in paragraph 15 of the judgment:

> 15. The controversy that has emerged in the instant case is to be decided on the touchstone of the aforesaid principles of law. We have already opined that it is not a case of simple transfer. It is not a situation where one can say that it is a transfer on deputation as against an equivalent post from one cadre to another or one department to another. It is not a deputation from a government department to a government corporation or one Government to the other. There is no cavil over the fact that

> the post falls in a different category and the first respondent had gone through the whole gamut of selection. On a studied scrutiny, the notification of appointment makes it absolutely clear that it is a tenure posting and the fixed tenure is five years unless it is curtailed. But... this curtailment cannot be done in an arbitrary or capricious manner. There has to have some rationale. Merely because the words "until further orders" are used, it would not confer allowance on the employer to act with caprice."

13. In **Umapati Choudhary v. State of Bihar** [(1999) 4 SCC 629], the Apex Court had held that deputation would also involve a third party - the borrowing employer who discharges specific rights and obligations towards the employee and the lending employer. While clarifying the tripartite nature of a deputation, it was held as under:

> "8. Deputation can be aptly described as an assignment of an employee (commonly referred to as the deputationist) of one department or cadre or even an organisation (commonly referred to as the parent department or lending authority) to another department or cadre or organisation (commonly referred to as the borrowing authority). The necessity for sending on deputation arises in public interest to meet the exigencies of public service. The concept of deputation is consensual and involves a voluntary decision of the employer to lend the services of his employee and a corresponding acceptance of such services by the borrowing employer. It also involves the consent of the employee to go on deputation or not. ................"

14. In **Sarita Singh V Shree Indosoft** [(2022) SCC Online Sc 65], the principles laid down above were reiterated.

15. In **R.L. Gupta v. Union of India**, [(1988) 2 SCC 250], it was held that many officers have to be sent on deputation in the public interest to other departments in order to meet the exigencies of public service and that before sending them on deputation their consent is invariably taken. Merely because they have given their consent to go on deputation, they should not be allowed to suffer unless there is a specific rule to the contrary or other good reason for it. That is the ratio of the decision in *State of Mysore* v. *M.H. Bellary* [AIR 1965 SC 868 : (1964) 7 SCR 471] and of the decision in *State of Mysore* v. *P.N. Nanjundiah* [(1969) 3 SCC 633: 1969 SLR 346]. These decisions declare that an officer on deputation is entitled to get increments in the pay scale attached to the post in their parent department and also to get a promotion when it is based on seniority-cum-merit as and when his junior in the parent department is promoted by the application of the "next below rule."

16. In the present case, it is important to highlight that the petitioner, while serving as a Managing Director in the parent organization, underwent two instances of deputation to the same position. Notably, the pay scale

during these deputations remained consistent with that of the Managing Director. It is evident that the petitioner's consent regarding these deputations is not in question, as an employee who shifts to a different department for service cannot reasonably be compelled to assume a lower-ranking position. Thus, the notion of reverting an individual to a lower post after offering a higher position and relevant years of experience is inherently illogical and capricious. Nevertheless, it is essential to reiterate, as emphasized in the **Sarita Singh** case (supra), that if an individual qualifies for promotion to a higher post within the parent department during their deputation, that benefit should not be withheld. Having considered the entire facts in the light of the principles laid down by the Apex Court, I have no doubt in my mind that the petitioner has been subjected to serious injustice by reverting her to a lower post after the termination of her deputation period. The years of experience achieved by the petitioner, as well as her qualifications, have been overlooked by the respondents. She is entitled to be restored to the position she would have occupied in the parent department if she had not been sent on deputation. The mere fact that she had consented to go on deputation should not subject a deputationist to adverse consequences, such as a loss of seniority in the parent department, unless there exists a valid and specific rule to the contrary or other compelling reasons. No such compelling reason is

brought to the notice of this Court.

17. In the light of the discussion above, the petitioner is entitled to succeed. There will be a direction to the competent among respondents 1 to 5 to repatriate the petitioner to the post of Managing Director or any other equivalent post in the KTDFC on and from the termination of her deputation to the KITTS. There will be a further direction to the respondents to disburse the equivalent pay and benefits to the petitioner from the date of joining as ordered above.

Sd/-
**RAJA VIJAYARAGHAVAN V,**
**JUDGE**

NS/5/10/2023

| | |
|---|---|
| Exhibit R2 (a) | True copy of the GO (M) No.40/96/PW dated 27.12.1996 |
| Exhibit R2 (b) | True copy of the GO (Rt) No.503/2007/Tran dated 24.10.2007 |
| Exhibit R2 (c) | True copy of the GO (Rt) No.23/2008/Trans dated 24.01.2008 |
| Exhibit R2 (d) | True copy of the representation dated 05.10.2022 |
| Exhibit R2 (e) | True copy of the NOC issued by the 5th respondent dated 11.10.2022 for deputation |

TRUE COPY

ഉ) നം.530/2023/TRANS

(Rangeവിനം- 5)

"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - ശ്രീമതി. രാജശ്രീ അജിത്ത് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 2196/2023 മേലുള്ള 04.10.2023 തീയതിയിലെ ബഹു. കോടതിയുടെ വിധിന്യായം - കെ.റ്റി.ഡി.എഫ്.സി ലെ മാനേജിംഗ് ഡയറക്ടറായി ഡോ. രാജശ്രീ അജിത്തിനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.530/2023/TRANS തീയതി,തിരുവനന്തപുരം, 28-11-2023

---

പരാമർശം:- 1. 02.11.2023 തീയതിയായി ശ്രീമതി. രാജശ്രീ അജിത്ത് സമർപ്പിച്ച അപേക്ഷ

2. ശ്രീമതി. രാജശ്രീ അജിത്ത് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 2196/2023 മേലുള്ള 04.10.2023 തീയതിയിലെ ബഹു. കോടതിയുടെ വിധിന്യായം

**<u>ഉത്തരവ്</u>**

KIITSലെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിന്ന് വിടുതൽ ചെയ്തതിനാൽ പരാമർശം 1 പ്രകാരം ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി ലെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച് 06.08.2022 മുതലുള്ള സാലറിയും അതിന്റെ അരിയറും അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഡോ.രാജശ്രീ അജിത്ത്, ഗതാഗത വകുപ്പ് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. KTDFC-യിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്കോ മറ്റേതെങ്കിലും തത്തുല്യ തസ്തികയിലേക്കോ അപേക്ഷകയെ തിരികെ നിയമിക്കണമെന്നും തിരികെ പ്രവേശിക്കുന്ന തീയതി മുതൽ പരാതിക്കാരിക്ക്, തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നുംപരാമർശം 2 പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ, ഡോ. രാജശ്രീ അജിത്തിനെ കെ.റ്റി.ഡി.എഫ്.സി ലെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 6.08.2022 മുതലുള്ള സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇപ്രകാരം ബഹു.ഹൈക്കോടതി വിധി നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(withc/l)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി., തിരുവനന്തപുരം.

ശ്രീമതി. രാജശ്രീ. അജിത്ത്, ശ്രേണി ഹിൽസ്, പണിക്കേഴ്സ് ലെയ്ൻ, ശാസ്തമംഗലം.

ഉ.(സാധാ) നം.530/2023/TRANS

തിരുവനന്തപുരം

ഐ& പി.ആർ. [illegible] ...ഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ
Date: 29-11-2023 11:02:53

പകർപ്പ് - ഗതാഗത വകുപ്പ് മന്ത്രിയുടെ എ.പി.എസ്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.